(ഡി) കരാറുകാരുടെ ബില്ലുകൾ മാറിനൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി G.O.(P) No.97/2015/Fin. dated 25-2-2015 പ്രകാരം ആവിഷ്കരിച്ച ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായത്തിന് അനുസൃതമായി G.O.(Rt) No.5597/2015/Fin. Dated 10-6-2015 പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിലെ സെപ്റ്റംബർ 2014 വരെയുള്ള കുടിശ്ശിക ബില്ലുകൾ 2015 ഡിസംബർ മാസത്തോടുകൂടിയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾ 2015 നവംബർ മാസത്തോടുകൂടിയും ജലവിഭവ വകുപ്പിലെ ഒക്ടോബർ 2014 വരെയുള്ള ബില്ലുകൾ 2015 നവംബർ മാസത്തോടുകൂടിയും കൊടുത്തുതീർക്കുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, G.O.(P) No.221/2015/Fin. dated 10-6-2015 പ്രകാരം 2015 ആഗസ്റ്റ് മാസം മുതൽ ഡിസ്കൗണ്ട് ചെയ്യുന്ന ബില്ലുകളുടെ ഡിസ്കൗണ്ട് ചാർജ്ജിന്റെ 50 ശതമാനം കരാറുകാർക്ക് മടക്കി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. G.O.(P) No.198/2015/Fin. dated 28-5-2015 അനുസരിച്ച് 5 ലക്ഷം രൂപയിൽ അധികരിക്കാത്ത ഭരണാനുമതി നൽകിയിട്ടുള്ള കെട്ടിട വിഭാഗം ഡെപ്പോസിറ്റ് പ്രവർത്തികളുടെ ബില്ലുകൾ തീർപ്പാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്.

24 മണിക്കൂർ പോസ്റ്റുമോർട്ടം നടപ്പാക്കുന്നതിന് പുതിയ തസ്തികകൾ

118(2107) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പുകൊടുത്തതും മന്ത്രിസഭ അംഗീകരിച്ചതുമായ 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിന് പുതിയ തസ്തികകൾ ആവശ്യമാണെന്ന് ആരോഗ്യവകുപ്പ് ധനകാര്യവകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള അനുമതിയാണ് ആരോഗ്യവകുപ്പ് ആവശ്യപ്പെട്ടിരിക്കുന്നത് ; ഇതിനു വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയാണ് ;

(ബി) ഈ തസ്തികകൾ ധനകാര്യവകുപ്പ് അനുവദിക്കാത്തതാണ് 24 മണിക്കൂർ പോസ്റ്റ്മോർട്ടം നടപ്പാക്കുന്നതിനുള്ള തടസ്സം എന്ന് പറയപ്പെടുന്നത് ശരിയാണോ ; എങ്കിൽ പുതിയ തസ്തികകൾ അനുവദിച്ച് ഇക്കാര്യം നടപ്പാക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്ന് എപ്പോൾ അനുകൂല നടപടിയുണ്ടാകും എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിൽ ആകെ 50 തസ്തികകൾ സൃഷ്ടിക്കുന്നതിനാണ്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിന് 1,83,31,680 (ഒരു കോടി എൺപത്തിമൂന്ന് ലക്ഷത്തി മുപ്പത്തൊന്നായിരത്തി അറുനൂറ്റി എൺപത് രൂപ) രൂപയുടെ വാർഷിക ബാധ്യത കണക്കാക്കുന്നു.

(ബി) ഭരണവകുപ്പ് ഫയൽ നമ്പർ U.O(f) No.25043/H&L-B1/15/Fin, 796/S2/13/H& FWD. (E No.73112) നിലവിൽ ധനവകുപ്പ് പരിശോധിച്ച് വരികയാണ്.

നാഷണൽ സേവിംഗ്സ് വകുപ്പിൽ ഡി.ഡി.മാരുടെ പ്രൊമോഷൻ

119(2108) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സേവിംഗ്സ് വകുപ്പിൽ ഡി.ഡി.-മാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്ന വിവരം അറിയുമോ ;

(ബി) ജില്ലാ ഓഫീസർമാരില്ലാത്തത് കാരണം പല പ്രധാനകാര്യങ്ങളും തീരുമാനം എടുക്കാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഡി.ഡി-മാരുടെ പ്രൊമോഷൻ അടിയന്തരമായി നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാഷണൽ സേവിംഗ്സ് വകുപ്പിൽ ഡി.ഡി.-മാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രൊമോഷൻ അടിയന്തരമായി നടത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

സേവന നികുതി

120(T2109) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സേവന നികുതി ഇനത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷവും ലഭിച്ച വരുമാനം എത്ര വീതമായിരുന്നു ;

(ബി) 2015 ജൂൺ 1 മുതൽ 14 ശതമാനമായി സേവന നികുതി വർദ്ധിപ്പിച്ചതുമൂലം തന്നാണ്ടിലെ പ്രസ്തുത ഇനത്തിലുള്ള വരുമാനം എത്രയായി വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly